ആയുർവ്വേദത്തിനും ഹോമിയോപ്പതിക്കും പ്രത്യേക ഡയറക്ടറേറ്റ്

*484 [515] ശ്രീ. രാഘവൻ പൊഴക്കടവിൽ:
,, കെ. കെ. തോമസ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദം, ഹോമിയോ തുടങ്ങിയ ചികിൽസകൾക്ക് പ്രത്യേക മെഡിക്കൽ ഡയറക്ടറേറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ രണ്ടു ചികിൽസാ സമ്പ്രദായങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി ആധുനിക മാർഗ്ഗങ്ങൾ ആരായുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ അയിത്തം

*485 [516] ശ്രീ. സി. ടി. കൃഷ്ണൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ ഇപ്പോഴും അയിത്തം നിലനിൽക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് അവസാനിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ഇരുചക്ര വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ നടപടി

*486 [517] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽക്കൂടി സഞ്ചരിക്കുന്ന വാഹനങ്ങളുടെ പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാത്രി കാലങ്ങളിൽ ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(സി) വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാനായി സ്പീഡ് നിയന്ത്രണ യന്ത്രം ഘടിപ്പിക്കാൻ ഗവൺമെന്റ് നിർദ്ദേശിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സ്വീകരിച്ചിട്ടുണ്ട്. പോലീസ് ഓഫീസേഴ്സ് നിരന്തരമായി വാഹനങ്ങൾ പരിശോധിക്കുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ''ആൽക്കഹോൾ ഡിറക്ടർ'' ഉപയോഗിച്ചുവരുന്നു. കൂടാതെ മെഡിക്കൽ പരിശോധനക്കും വിധേയമാക്കുന്നു.

(സി) എറണാകുളം ജില്ലയിൽ സിറ്റി ബസ്സുകളിൽ സ്പീഡ് നിയന്ത്രണയന്ത്രം ഘടിപ്പിക്കാൻ ആർ. ടി. എ. നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ കെ.എസ്.ആർ.ടി.സി.യുടെ ദൂര ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലേ 'സ്പീഡ് കൺട്രോൾ യന്ത്രം' ഘടിപ്പിച്ചിട്ടുള്ളു. ഈ കാര്യം കൂടുതൽ വിപുലമാക്കുന്നത് പരിഗണിക്കാവുന്നതാണ്.

ആഴക്കടൽ–ഉൾനാടൻ മത്സ്യബന്ധനം

*487 [519] ശ്രീമതി പി. ദേവൂട്ടി:
ശ്രീ. ടി. കെ. അബ്ദു:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനം, ഉൾനാടൻ മത്സ്യബന്ധനം എന്നിവ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പ് മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനം ഊർജ്ജിതപ്പെടുത്തുന്നതിനായി ദേശീയ വിദേശീയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധന സഹായം ലഭ്യമാക്കി കൂടുതൽ ട്രോളർ വാങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

ഉൾനാടൻ മത്സ്യബന്ധനം ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി ഉൾനാടൻ മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും വളർത്തി വിതരണം ചെയ്യുന്നതിനുള്ള നാഷണൽ സീഡ് ഫാമുകളും ഹാച്ചറികളും സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly